**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **2280**

**18.12.2012**- ലെ മറുപടിക്ക്

**വായ്പക്കാരുടെ മുതലും പലിശയും അറിയിക്കാൻ നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. തോമസ് ഉണ്ണിയാടൻ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നവരെ കാലാകാലങ്ങളിൽ തിരിച്ചടയ്ക്കാനുള്ള മുതലും പലിശയും എത്രയാണെന്ന് അറിയിക്കുന്നതിൽ ബാങ്ക് അധികൃതർ വീഴ്ച വരുത്തുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ദീർഘകാലത്തിനുശേഷം വായ്പക്കാരെ പിഴപ്പലിശ ചുമത്തി ബാദ്ധ്യത അറിയിക്കുകയും ജപ്തി നടപടി ആരംഭിക്കുകയും തദവസരത്തിൽ ബാദ്ധ്യതകളുള്ള സ്ഥലം നിസ്സാരവിലക്ക് വാങ്ങുന്ന ലോബികൾ പ്രവർത്തിക്കുന്നതായും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) വായ്പക്കാരുടെ മുതലും പലിശയും എത്രയാണെന്നും അവരുടെ ബാദ്ധ്യത എത്രയാണെന്നും കൃത്യമായ ഇടവേളകളിൽ അവരെ അറിയിക്കണമെന്ന് സർക്കുലർ നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കാമോ? | സി) സഹകരണ സംഘം രജിസ്ട്രാരുടെ 17.05.1993-ലെ 26/93 നമ്പർ സർക്കുലർ പ്രകാരവും, 27.08.2010-ലെ 48/2010 നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. കോപ്പികൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**